6. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ്സ് ഇൻ കണ്ണൂർ റീജിയൺ

7. ദേശീയ വനവൽക്കരണ പരിപാടി

8. ദേശീയ ബാംബൂ മിഷൻ

(ബി) വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) 1. നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം

2. അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വിന്റെ പരിപാലനം

3. പ്രോജക്ട് എലിഫന്റ്

4. വയനാട് വന്യജീവി സങ്കേതത്തിലെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി

5. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ് ഇൻ വേമ്പനാട് റീജിയൺ

6. കൺസർവേഷൻ ആന്റ് മാനേജ്മെന്റ് ഓഫ് മാൻഗ്രോവ് ഇൻ കണ്ണൂർ റീജിയൺ

7. ദേശീയ വനവൽക്കരണ പരിപാടി

8. ദേശീയ ബാംബൂ മിഷൻ

(ഡി) വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(ഇ) പദ്ധതികളുടെ നിർവ്വഹണത്തിന് ഗണ്യമായ തടസ്സങ്ങൾ ഇല്ലെങ്കിലും കേന്ദ്ര പദ്ധതി വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

സോഷ്യൽ ഫോറസ്ട്രി മുഖേന ചെലവഴിച്ച തുക

277 (3911) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോഷ്യൽ ഫോറസ്ട്രി വകുപ്പ് മുഖേന ചേർത്തല മണ്ഡലത്തിൽ ചെയ്തിട്ടുള്ള ജോലികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേർത്തല മണ്ഡലത്തിലെ വിദ്യാലയങ്ങളിലും റോഡുകളുടെ വശങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് സോഷ്യൽ ഫോറസ്ട്രി മുഖേന എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സോഷ്യൽ ഫോറസ്ട്രി മുഖേന ചേർത്തല മണ്ഡലത്തിൽ വേമ്പനാട് പാക്കേജ് (വെറ്റ് ലാന്റ് കൺസർവേഷൻ), കുട്ടനാട് പാക്കേജ്, വഴിയോരത്തണൽ പദ്ധതി, എന്റെ മരം, നമ്മുടെ മരം, ഹരിതശ്രീ എന്നീ പദ്ധതികൾ പ്രകാരമുള്ള ജോലികൾ ചെയ്തുവരുന്നുണ്ട്. ഇതിനായി നാളിതുവരെ 34,65,428 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന ചേർത്തല മണ്ഡലത്തിൽ എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾ പ്രകാരം സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നട്ടുവളർത്തി പരിപാലിക്കുന്നതിനായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു. വഴിയോരത്തണൽ പദ്ധതി പ്രകാരം റോഡുകളുടെ ഇരുവശങ്ങളിലും മരങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

റിസർവ് വനത്തിലും സംരക്ഷിത വനത്തിലും വിനോദ സഞ്ചാരത്തിന്റെ ഭാഗമായുള്ള വാഹനയാത്രികരുടെ ബുദ്ധിമുട്ടുകൾ

278 (3912) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ റിസർവ് വനത്തിലും സംരക്ഷിത വനത്തിലും റോഡിലൂടെ വിനോദസഞ്ചാരത്തിന്റെ ഭാഗമായും മറ്റും വാഹനവും, സഞ്ചാരികളേയും കടത്തിവിടുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ സംരക്ഷിത വനമേഖലയിലോ, റിസർവ് വനത്തിലോ വച്ച് കുറ്റകൃത്യങ്ങൾ നടന്നാൽ വാഹനം പിടിച്ചെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുമ്പോൾ വന്യമൃഗങ്ങൾ സൈരവിഹാരം നടത്തുന്ന സ്ഥലത്ത് ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകളും കുട്ടികളുമായി വരുന്ന സഞ്ചാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly